62 nd Kerala School Kalolsavam, January 4 to 8, 2024, Kollam

Item Code: 640 Participant Code: 113

# പുതുമഴയുടെ ഗന്ധം

ഏറെ നേരമായി കാത്തിരിക്കുന്ന ബസ്സ് ഇതുവരെയും വന്നിട്ടില്ല. നാല് മണിക്ക് ഒരു കട്ടൻ ചായ കുടിച്ച് നിൽക്കുന്ന നില്പാണ്. സമയം അഞ്ചര കഴിഞ്ഞു. ബസ്സിന്റെ ഒരു ലക്ഷണവുമില്ല. ഞാൻ പതിയെ എന്റെ ചുറ്റുമുള്ള ലോകത്തെ ഒന്നു നിരീക്ഷിച്ചു. ബസ്സ് സ്റ്റോപ്പിന മുൻപിലുള്ള പെട്ടികടക്കാരൻ കച്ചവടമൊന്നുമില്ലാതെ ഉറങ്ങുന്നു. കാത്തിരിപ്പു-കേന്ദ്രത്തിലെ ബാക്കി ആളുകളും മൊബൈൽ ഫോണിലാണ്. അതിൽ ഒരുവന്റെ ചിരി കണ്ടാലറിയാം തന്റെ കാമിനിക്കു സന്ദേശങ്ങൾ കൈമാറുകയാണെന്ന്. എല്ലാവരും അവരവരുടെ ലോകങ്ങളിലാണ്. എന്നെപ്പോലെ മുണ്ടുടുത്ത് നഗ്നപാദനായി ആരും തന്നെ അവിടെയുണ്ടായിരുന്നില്ല. ദൂരെയെവിടെയോ മഴ പെയ്യുന്നുണ്ടാവാം. അതിന്റെ സൂചനയെന്നോണം ആകാശം കാർമേഘങ്ങളെക്കൊണ്ട് നിറഞ്ഞു. എവിടെനോ ഒരു ഗന്ധം ഞാൻ തിരിച്ചറിഞ്ഞു.

ബസ്സ് വന്നു. ഞാൻ അതിലേക്ക് വലിഞ്ഞു കയറി. അപ്പോഴാണ് ബസ്സിന്റെ ബോർഡിൽ സ്ഥലപ്പേരുകൾ ഹിന്ദിയിൽ എഴുതിയിരിക്കുന്നത് ഞാൻ ശ്രദ്ധിച്ചത്.

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

നല്ല തിരക്കാണ്. ആ തിരക്കിൽ പെട്ട് ഞാൻ ഞെരിപിരി കൊണ്ടു.
എനിക്ക് പ്രായമേറിയതുകൊണ്ടോ അവനിറങ്ങാനുള്ള
സ്റ്റോപ്പെത്തിയതുകൊണ്ടോ ഒരു ചെറുക്കൻ എനിക്കൊരു
സീറ്റ് തന്നു. ഞാൻ അവനു നേരെ ഒരു പുഞ്ചിരി പാസ്സാക്കി.
ബസ്സിൽ പകുതിയും അന്യസംസ്ഥാനതൊഴിലാളികളായിരുന്നു.
ബോർഡ് ഹിന്ദിയിലെഴുതിയതിന്റെ കാര്യമെനിക്കു പിടികിട്ടി.
കണ്ടക്ടർ എന്റെയടുത്തേക്കു വന്നു.
"ഒരു മാനാവ്" എന്നും പറഞ്ഞ് ഞാൻ ഇരുപത്തഞ്ചു രൂപ
അയാളുടെ കൈയിൽ വച്ചുകൊടുത്തു.
എന്റെയടുത്തുള്ള ആളും പണം നൽകി.
"അഞ്ചു രൂപ ഇറങ്ങുമ്പോ തരാം" എന്നു പറഞ്ഞ് കണ്ടക്ടർ
നടന്നു. അഞ്ചു രൂപ തൽക്ഷണം കിട്ടാത്തതിന്റെ വിഷമം
അയാളുടെ മുഖത്തുണ്ടായിരുന്നു. ഇവിടെയുമുണ്ട് ആ ഗന്ധം.
ബീഡിയുടേതല്ല തീർച്ച. ആ ഗന്ധം എന്നെ പിന്തുടർന്നുകൊണ്ടിരുന്നു.

x x x x

സ്റ്റാൻഡ് എത്തി. പലരും ഇറങ്ങി. ഈ സമയം
ബസ്സിനുള്ളിലേക്ക് പലരും രംഗപ്രവേശനം നടത്തി.
ആദ്യത്തേത് ഒരു ഭിക്ഷക്കാരനായിരുന്നു. കാഴ്ചയിൽ
ആരോഗ്യപരമായി യാതൊരു കുഴപ്പവുമില്ല. ചിലപ്പോൾ

ഇതയാളുടെ കുലത്തൊഴിലായിരിക്കാം.. സാമൂഹിക വ്യവസ്ഥയെ മാനിച്ചുകൊണ്ട് ഞാനയാൾക്ക് രണ്ടു രൂപ നാണയം നൽകി. അതും വാങ്ങി ഒരു വിലയുമില്ലാത്ത പോലെ അയാൾ നടന്നു നീങ്ങി.

അടുത്തതായി ബസ്സിലേക്ക് ഒരു പെൺകുട്ടി കയറി. ഏകദേശം ഒരു പത്തുവയസ്സുകാണും. അവളുടെ കയ്യിൽ പലതരം മിഠായി കളുണ്ട്. അവളുടെ വാടിയ മുഖം, തന്റെ പരിതഃസ്ഥിതി വെളിപ്പെടുത്തുന്നതായിരുന്നു. അവൾ തന്റെ കച്ചവടം തുടങ്ങി.

"ഇഞ്ചിമിഠായി.. കപ്പലണ്ടിമിഠായി.. ജീരകമിഠായി..." അവൾ ഉച്ചത്തിൽ കൂവി. "ഏതെടുത്താലും പത്ത്.. പത്ത്.."

ആദ്യമൊന്നും ആരും അവളെ ശ്രദ്ധിച്ചില്ലെങ്കിലും പതിയെ പതിയെ കച്ചവടം ലഭിച്ചു തുടങ്ങി.

"ഇത് രണ്ടും കൂടിയെത്രയാ?" ഒരു പുരുഷൻ അവളോട് ചോദിച്ചു.

"ഇരുവത് രൂപാ" അവൾ മറുപടി നൽകി.

"പത്തു രൂപാ തരും" എന്നും പറഞ്ഞ് അയാൾ അവളുടെ കൈയിൽ ഒരു പത്തു രൂപാ നോട്ട് കൊടുത്തു. കച്ചവടത്തിൽ ലാഭവിഹിതമുണ്ടാക്കാനാവാതെ അവൾ നടന്നു നീങ്ങി.

ഞാൻ അവളെ എന്റെയടുക്കൽ വിളിച്ചു.
"ഇതിനെന്തുവാ മോളെ" ജീരകമിഠായിലേക്ക് ചൂണ്ടി ഞാൻ
ചോദിച്ചു. "പത്ത് രൂപ സാർ" അവൾ മറുപടി പറഞ്ഞു
ഞാൻ ആ പാക്കറ്റ് വാങ്ങി ഒരു ഇരുപത്
രൂപാ നോട്ട് അവളുടെ കൈയ്യിൽ വച്ചു കൊടുത്തു.
"പത്ത് രൂപാ പോരും സർ" എന്നവൾ പറഞ്ഞപ്പോൾ
ആ മനുഷ്യൻ തരാനുള്ള പണമായി കരുതിയാൽ മതിയെന്ന്
ഞാൻ അവളോട് പറഞ്ഞു. താൽപര്യമില്ലെങ്കിലും അവൾ
ആ ഇരുപത്ത് രൂപ എന്റെ കയ്യിൽനിന്ന് വാങ്ങി. ഒരു ഗന്ധം
അപ്പോഴും ആ ബസ്സിൽ അലയടിച്ചുകൊണ്ടിരുന്നു.

× × × ×

സ്റ്റാൻഡിൽനിന്നും ബസ്സ് ബസ്സെടുക്കാൻ നേരമായി.
വണ്ടിയിലെ കിളി ഒരു നീട്ടി ചൂളംവിളിയുതിർത്തു. അവൾ
ബസ്സിൽനിന്നിറങ്ങി. വീട്ടിൽ ചെന്നിട്ട് എനിക്ക് പ്രത്യേക
കാര്യമൊന്നുമില്ല. ഞാനും ബസ്സിൽ നിന്നിറങ്ങി. ഒരു കൗതുകം.
അവളറിയാതെ ഞാനവളെ പിന്തുടർന്നു. അവൾ പല
ഇടവഴികളിലൂടെയും നടന്നുനീങ്ങി. "നടന്നു" എന്നല്ല ഓടിയെന്നു
വേണം പറയാൻ. പ്രായം സമ്മതിക്കുന്നില്ലെങ്കിലും ഒരു കൊച്ചു-
കുട്ടിയെപ്പോലെ ഞാനും പിന്നാലെ പാഞ്ഞു. അവൾ തന്റെ

കച്ചവട സാമഗ്രികൾ ഒരു കടയിൽ കൊടുത്ത് അവിടെനിന്നും രണ്ട് പൊതി വാങ്ങി. അതും താങ്ങി അവൾ വീണ്ടും നടന്നു. അവസാനം അവൾ തന്റെ ചെറിയ ചെറ്റപ്പുരയിലെത്തി. അവളുടെ അമ്മയും കൊച്ചനുജനും അവളെയും കാത്ത് അവിടെ നിൽപ്പുണ്ടായിരുന്നു. തന്റെ അമ്മയ്ക്ക് ഒരു പുഞ്ചിരി നൽകിക്കൊണ്ട് ആ പൊതികൾ കൈമാറി.

x x x x

ആകാശത്തുനിന്ന് ഇടിയുടെ ശബ്ദങ്ങൾ കേൾക്കാം. അവൾ തിരത്തേക്കോടി. അവൾ അനന്തമായ ആ ആഴിയിലേക്ക് ഒരു വട്ടം നോക്കി. അത് വെളിച്ചത്തെ പൂർണ്ണമായും വിഴുങ്ങി കഴിഞ്ഞിരിക്കുന്നു. എന്നിരുന്നാലും ഒരു ചെറിയ രശ്മി അവിടെ ദൃശ്യമാകുന്നുണ്ട്. ഒരു കുടുംബത്തിന്റെ മുഴുവൻ ഭാരം പേറുന്ന അവളുടെ മുഖത്തേക്ക് ഞാൻ ഒന്നു നോക്കി. അവൾ എന്നെ കണ്ടിരിക്കാം.

മേഘങ്ങൾക്കു താങ്ങാനാവാതെ ജലം ഭൂമിയിലേക്ക് പതിച്ചു. അവൾ മുഴുവനും നനഞ്ഞു. അവളുടെ കണ്ണുകൾക്ക് താങ്ങാനാവാതെ അശ്രുകണങ്ങളും മഴയോടൊപ്പം ഒലിച്ചിറങ്ങി പോയിരുന്നേക്കാം. അതിനായിരിക്കുമോ അവൾ മഴ നനഞ്ഞത്? അവൾ എന്റെ കാഴ്ചയിൽ നിന്നും മാഞ്ഞു.

ആ ഗന്ധം ഇപ്പോഴുമവിടെ ഉണ്ടായിരുന്നു.
പുതുമഴയുടെ ഗന്ധം.... അല്ല.
അതിജീവനത്തിന്റെ ഗന്ധം... ആ ഗന്ധം ~~[illegible]~~ പാരിലെ-
ല്ലാം പരന്നു.

x———x